കണക്ഷൻ ലഭിക്കാനുള്ള മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയവർ

14 (*341) ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങൾ ഏതൊക്കെയാണ് ;

(ബി) ഈ ലിസ്റ്റിൽ നിന്നും വികലാംഗർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, സൈനികരുടെ ആശ്രിതർ എന്നീ വിഭാഗങ്ങൾ ഒഴിവാക്കപ്പെടാൻ ഉണ്ടായ സാഹചര്യം വിശദമാക്കുമോ ;

(സി) ഇവരെ വീണ്ടും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങൾ താഴെ പറയും പ്രകാരമാണ്.

1. കാർഷിക കണക്ഷനുകൾ

(1) എല്ലാ കാർഷിക കണക്ഷനുകളും.

(2) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള കാർഷിക കണക്ഷനുകൾക്ക് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയാൽ മറ്റ് കാർഷിക കണക്ഷനുകളെ അപേക്ഷിച്ച് മുൻഗണന നൽകും.

2. വ്യവസായിക കണക്ഷനുകൾ

(1) സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന കണക്ഷനുകൾ.

(2) പി.എം.ആർ.വൈ.പദ്ധതി അനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന കണക്ഷനുകൾ.

(3) സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് പദ്ധതി, ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, ഖാദി ഗ്രാമ വ്യവസായ ബോർഡ് ഇവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലോ ടെൻഷൻ കണക്ഷനുകൾ.

(4) വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുള്ള പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള ലോ ടെൻഷൻ കണക്ഷനുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(5) ഇന്റഗ്രേറ്റഡ് കയർ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കോ-ഓപ്പറേറ്റീവ് സെക്ടറിൽ ആരംഭിക്കുന്ന യന്ത്രവൽകൃത കയർ സ്പിന്നിംഗ് യൂണിറ്റുകളും ഡിഫൈനറിംഗ് യൂണിറ്റുകളും.

3. ഗാർഹികം

(1) വൈദ്യുതി ബോർഡ് ജീവനക്കാരും ബോർഡിൽ നിന്ന് പെൻഷൻ പറ്റിയവരും പാർട്ട്ടൈം കൺഡിജന്റ് സ്വീപ്പർ തസ്തികയിൽപ്പെട്ടവരും.

(2) കര, നാവിക, വ്യോമസേന, സി.ആർ.പി.എഫ്., ബി.എസ്.എഫ്., ടി.ആർ.ഇ.എഫ്., ഐ. ടി.സി., എസ്.പി.ജി, ആസാം റൈഫിൾസ് എന്നിവയിൽ സേവനമനുഷ്ഠിക്കുന്ന ജവാന്മാർ.

(3) തഹസീൽദാറുടെ നിലയിൽ കുറയാത്ത അധികാരികളുടെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കണക്ഷൻ നൽകുന്നതാണ്.

(4) പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ താമസിക്കുന്ന മറ്റ് സമുദായാംഗങ്ങൾ. (ഇങ്ങനെ കൊടുക്കുന്ന കണക്ഷനുകളുടെ എണ്ണം കോളനിയിലെ മൊത്തം പട്ടികജാതി, പട്ടികവർഗ്ഗ ഉപഭോക്താക്കളുടെ എണ്ണത്തിന്റെ മൂന്നിലൊന്നായി പരിമിതപ്പെടുത്തിയിട്ടുണ്ട്.)

(5) ജില്ലാ കളക്ടർ നൽകുന്ന പെൻഷൻ പേയ്മെന്റ് സർട്ടിഫിക്കറ്റ് സഹിതമോ, സ്വാതന്ത്ര്യസമര സേനാനിയായി സാക്ഷ്യപ്പെടുത്തി സർക്കാർ നൽകിയിട്ടുള്ള റിക്കാർഡ് സഹിതം അപേക്ഷിക്കുന്ന സ്വാതന്ത്ര്യസമര സേനാനികൾ, അവരുടെ വിധവകൾ.

(6) യുദ്ധത്തിൽ പങ്കെടുത്ത് ദുരിതം അനുഭവിക്കുന്ന ജവാന്മാർ, കര/നാവിക/വ്യോമസേന ആശുപത്രിയിൽ നിന്നും കൊടുത്തിട്ടുള്ള ഡിസ്ചാർജ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ മുൻഗണനാടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതാണ്.

(7) മെഡിക്കൽ കോളേജിലെയോ, ആരോഗ്യവകുപ്പിലെയോ അസോസിയേറ്റ് പ്രൊഫസർ, ഇല്ലെങ്കിൽ സിവിൽ സർജൻ ഗ്രേഡ്-1 നിലയിൽ കുറയാത്ത മെഡിക്കൽ ഓഫീസർ കൊടുത്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ അപകടം, പ്രകൃതിക്ഷോഭം എന്നിവമൂലം അവശരായവർക്ക് മുൻഗണനാടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതാണ്.

(8) (7)-ൽ പറഞ്ഞിട്ടുള്ള നിലയിലുള്ള മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് സഹിതം 40 ശതമാനത്തിൽ കുറയാതെ ബലഹീനത അനുഭവിക്കുന്ന വികലാംഗരും, മാനസിക വളർച്ച

LIBRARY ARCHIVES Kerala Legislative Assembly

മുരടിച്ചവരും അപേക്ഷിച്ചാൽ മുൻഗണനാടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതാണ്.

(9) കലാകായിക അംഗങ്ങൾ, സാഹിത്യം, ശാസ്ത്രം, സാമൂഹിക സേവനം, ആതുരസേവനം എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ.

(10) ഡപ്യൂട്ടി കളക്ടറുടെ (ലാൻഡ് അക്വിസിഷൻ) സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കുന്ന കെ.എസ്.ഇ.ബി. പദ്ധതി പ്രദേശങ്ങളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവർ.

(11) അധികാരികളുടെ സർട്ടിഫിക്കറ്റോ കത്തോ സഹിതം അപേക്ഷിക്കുന്ന യുദ്ധമുന്നണിയിൽ വീരചരമമടഞ്ഞ ജവാൻമാരുടെ വിധവകൾ.

(12) എം.എൽ.എ.മാരും എം.പി.മാരും.

(13) ലക്ഷം വീട് കോളനികൾ.

(14) ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ജനവിഭാഗങ്ങൾക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, എൽ.ഒ.എസ്സ്. ബ്ലോക്കുകളോ വയറിംഗ് നടത്തി കൊടുക്കുന്ന വീടുകൾ. (വെതർ പ്രൂഫ് കണക്ഷൻ മാത്രം)

(15) പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമവകുപ്പ് വയറിംഗ് നടത്തി കൊടുക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വീടുകൾ.

(16) പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള തോട്ടങ്ങളിലെ തൊഴിലാളികളുടെ വീടുകൾ.

(17) സർവ്വീസിൽ നിന്നും വിരമിച്ച ജവാന്മാർ. (വെതർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(18) കാൻസർ രോഗികൾ, ബോർഡ് നിശ്ചയിച്ചിട്ടുള്ള അധികാരികളുടെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ മറ്റു കണക്ഷനുകളേക്കാൾ കൂടിയ മുൻഗണന നൽകുന്നതാണ്.

(19) കാർഗിൽ യുദ്ധത്തിൽ മരിച്ച ജവാൻമാരുടെ വിധവകൾക്ക്.

4. ഗാർഹികേതരം

(1) സമാധാനാലയങ്ങൾക്ക്.

(അമ്പലങ്ങൾ, മുസ്ലീം പള്ളികൾ, ക്രിസ്ത്യൻ പള്ളികൾ) വൈദ്യുതി കണക്ഷന് മുൻഗണന നൽകുന്നതാണ്. (വെതർ പ്രൂഫ് കണക്ഷനുകൾ മാത്രം)

LIBRARY ARCHIVES Kerala Legislative Assembly

(2) സംസ്ഥാന സാമൂഹിക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള അനാഥാലയങ്ങളും ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ചാരിറ്റബിൾ ഹോമുകൾ. (വെതർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(3) ഇൻഡ്യാ പോപ്പുലേഷൻ പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന ആശുപത്രികളും ഡിസ്പെൻസറികളും.

(4) ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തുന്ന സാക്ഷരതാ കേന്ദ്രങ്ങൾ. (വെതർ പ്രൂഫ് കണക്ഷൻ മാത്രം.)

(5) പൊതു സംഭാവന കൊണ്ട് പണിക്ക് സർക്കാരിന് സമർപ്പിക്കുന്ന കെട്ടിടങ്ങൾ (വെതർ പ്രൂഫ് കണക്ഷൻ മാത്രം)

(6) വികലാംഗർ നടത്തുന്ന ടെലഫോൺ ബൂത്തുകൾ (വെതർ പ്രൂഫ് കണക്ഷൻ മാത്രം)

(7) അംഗൻവാടികൾ. (വെതർ പ്രൂഫ് കണക്ഷൻ മാത്രം)

(8) വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള വാട്ടർ സപ്ലൈ കണക്ഷനുകൾ.

(9) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കുള്ള വെതർ പ്രൂഫ് കണക്ഷനുകൾ.

(ബി) വികലാംഗർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരെ മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ജവാൻമാർക്കുള്ള ആനുകൂല്യം ആശ്രിതരുടെ പേരിൽ നൽകി വന്നത് ദുരുപയോഗം ചെയ്യപ്പെടുന്നതായി കണ്ടതുകൊണ്ട്, ആശ്രിതരുടെ പേരിൽ നൽകുന്നത് നിർത്തലാക്കുകയുണ്ടായി.

(സി) ഇപ്പോൾ പരിഗണനയിലില്ല.

മത്സ്യത്തൊഴിലാളികളുടെ ഋണബാദ്ധ്യത

15 (*342) ശ്രീ. ഡി. സുഗതൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ഋണബാദ്ധ്യതയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ കടമെത്രയാണ് ;

(സി) പ്രസ്തുത ഋണബാദ്ധ്യത പരിഹരിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ടെന്ന് പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly